(4) കൊയ്ത്ത് മെതി പാറ്റൽ യന്ത്രങ്ങളുടെ പരിശീലനം

(5) യന്ത്രവൽകൃത തെങ്ങു കയറ്റ പരിശീലനം

(6) സസ്യ സംരക്ഷണോപകരണങ്ങളുടെ പരിശീലനം

(7) റീപ്പർ, ടില്ലർ തുടങ്ങിയവയുടെ ഉപയോഗവും സർവ്വീസിംഗും

(8) ചെറുകിട യന്ത്രങ്ങളുടെ ഉപയോഗം മുതലായവയിൽ പരിശീലനം നൽകി വരുന്നുണ്ട്.

കൂടാതെ Greeners army, coconut climbing and crown management, Garden setting army, vegetable production, Green army cadets, coconut apprenticeship training തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി 700 പേർക്ക് പരിശീലനം നൽകാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായത്തോടെ കാർഷിക സർവ്വകലാശാല മൂന്ന് വർഷത്തിനുള്ളിൽ ഒരു ലക്ഷം പേർക്ക് പരിശീലനം നൽകാനും ഓരോ പഞ്ചായത്തുകളിലും 100 പേരെ വീതം തെരഞ്ഞെടുത്ത് പരിശീലന പരിപാടികൾ നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(സി) 1700 പേർക്ക് വിവിധ തരത്തിലുള്ള യന്ത്രങ്ങളുടെ പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷാ സേനാ പരിശീലനം കഴിഞ്ഞവർക്ക് വേണ്ടി യന്ത്രസേവനകേന്ദ്രം തുടങ്ങുന്നതിനുള്ള ഒരു നിയമാവലി കാർഷിക സർവ്വകലാശാല രൂപീകരിച്ചിട്ടുണ്ട്. ഇതിനകം 15 യന്ത്രസേവന കേന്ദ്രങ്ങൾ ജില്ലയിൽ രൂപീകൃതമായിട്ടുണ്ട്. ചാരിറ്റബിൾ സൊസൈറ്റി ആക്ട്സ് പ്രകാരമാണ്, കേന്ദ്രങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. അവർക്കു വേണ്ടിയുള്ള എല്ലാ സഹായ സഹകരണങ്ങളും കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും ചേർന് നൽകി വരുന്നുണ്ട്.

സഹകരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന തുക വൻകിട പദ്ധതികളിൽ നിക്ഷേപിക്കുന്നതിനാവശ്യമായ നടപടികൾ

17(*137) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന ഒരു ലക്ഷം കോടിയലധികം വരുന്ന തുക സംസ്ഥാനത്തിന്റെ സാമ്പത്തിക അഭിവൃദ്ധിക്കുതകുന്ന വൻകിട പദ്ധതികളിൽ നിക്ഷേപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ ;

(ബി) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ കാണപ്പെടുന്ന അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെയുള്ള വൻവികസനങ്ങൾക്ക് പ്രസ്തുത തുക ഉപയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത തുക ഫലപ്രദമായി വിനിയോഗിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ.

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ ബാക്കി നില്പുതുക സംസ്ഥാനത്തിന്റെ സാമ്പത്തിക അഭിവൃദ്ധിക്കുതകുന്ന വൻകിട പദ്ധതികളിൽ കൂടി നിക്ഷേപിക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചു വരുന്നു.

(ബി) സഹകരണ മേഖലയിലെ നിക്ഷേപം മറ്റ് വാണിജ്യ/പൊതുമേഖലാ ബാങ്കുകളിൽ നിന്നും വിഭിന്നമായി സംസ്ഥാനത്തിന്റെ വികസനത്തിന് തന്നെ വിനിയോഗിക്കണമെന്നാണ് സഹകരണ മേഖലയുടെ കാഴ്ചപ്പാട്. സഹകരണ മേഖലയിലെ ഫണ്ട് സഹകരണ നിയമത്തിൽ പരാമർശിച്ചിട്ടുള്ള വിധത്തിൽ നിയമ വിധേയമായി മാത്രമേ വിനിയോഗിക്കുവാൻ കഴിയുകയുള്ളൂ. സഹകരണ മേഖലയിലെ മിച്ചധനം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനമുൾപ്പെടെയുള്ള വൻ വികസനങ്ങൾക്ക് ഉപയോഗിക്കുന്നതിന് തടസ്സമില്ല. ആയതു പരിശോധിച്ചു വരുന്നു. എന്നാൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ ബാങ്കുകൾ, അർബൻ ബാങ്കുകൾ എന്നീ സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള ധനം വൻകിട പദ്ധതികൾക്ക് വിനിയോഗിക്കണമെങ്കിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, നബാർഡ് എന്നീ സ്ഥാപനങ്ങളുടെ കൂടി അനുവാദം ആവശ്യമായി വരും.

ഐ.ടി.ഐ.-കളുടെ പ്രവർത്തനം

18(*138) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ബാബു എം. പാലിശ്ശേരി :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐടിഐ-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര ഐ.ടി.ഐ.കൾ പുതുതായി ആരംഭിച്ചു : ഇതിന്റെ ഫലമായി എത്ര പേർക്കുകൂടി പരിശീലനസൗകര്യം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട് :

(സി) ഐ.ടി.ഐ.കളിൽ ആധുനിക ട്രേഡുകൾ ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) എത്ര ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട് ; ഈ സ്ഥാപനങ്ങൾക്ക് എന്തെല്ലാം അധിക സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളത് :

(ഇ) പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ സാധ്യത മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആരംഭിച്ച ഫിനിഷിംഗ് സ്കൂളുകളുടെ പ്രവർത്തനംമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly